**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3654 20.06.2019-ൽ മറുപടിയ്ക്ക്

**<u>സർക്കാർ മെഡിക്കൽ കോളേജുകളിൽ രോഗി സൗഹൃദ കാഷ്വാലിറ്റികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളെ എ.ഐ.ഐ.എം.എസ് (എയിംസ്) നിലവാരത്തിലേക്കുയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| 1 | മെഡിക്കൽ കോളേജുകളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപണിയും. |
| 2 | ഓങ്കോളജി & ടെർഷ്യറി കെയർ |
| 3 | രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ |
| 4 | ഡ്രഗ് സ്റ്റോറുകളുടെ സ്ഥാപനവും ആധുനീക വല്ക്കരണവും |
| 5 | 50%കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം. |
| 6 | സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ്. |
| 7 | മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാതൃ ശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ |
| 8 | മെഡിക്കൽ കോളേജിലെയും മറ്റു ആശുപത്രികളിലെയും ഖര മാലിന്യ നിർമാർജ്ജനം. |

| | |
|---|---|
| 9 | ഇ ഹെൽത്ത് പ്രോഗ്രാം (DME) |
| 10 | ഫാക്കൽറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം |
| 11 | ഡിസീസിഡ് ഡോണർ മൾട്ടി ഓർഗൺ ട്രാൻസ് പ്ലാന്റേഷൻ |
| 12 | എല്ലാ മെഡിക്കൽ കോളേജുകളിലും കോർട്ടേഴ്സ് ടു റസിഡൻസ്. |
| 13 | സ്റ്റേറ്റ് പീഡ് സെൽ |
| 14 | ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി. |
| 15 | മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ |
| 16 | മെഡിക്കൽ കോളേജിനു കീഴിലുള്ള 4 ഫാർമസി കോളേജുകളിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തൽ |
| 17 | മെഡിക്കൽ കോളേജുകളിൽ ബയോമെഡിക്കൽ വിഭാഗം ആരംഭിക്കൽ |
| 18 | മൾട്ടി ഡിസിപ്ളിനറി റിസർച്ച് ലാബ് ആരംഭിക്കലും അനിമൽ ഹൗസിന്റെ നിലവാരം ഉയർത്തലും |
| 19 | ഡെന്റൽ കോളേജിൽ കമ്മ്യൂണിറ്റി ഡെന്റിസ്ട്രിയും ഡെന്റൽ പബ്ളിക് ഹെൽത്ത് ലാബും സ്ഥാപിക്കൽ. |

മെഡിക്കൽ കോളേജുകളിൽ എല്ലാവിധ സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും പ്രവർത്തന സജ്ജമായി വരുന്നു. എം.ആർ.ഐ സ്കാൻ, സി.ടി. സ്കാൻ, കാത്ത് ലാബ്, വെന്റിലേറ്റർ, സെൻട്രലൈസ്ഡ് ഓക്സിജൻ സിസ്റ്റം, ടെലി കൊബാൾട്ട് മെഷീൻ, അൾട്രാ സൗണ്ട് മെഷീൻ, മാമോഗ്രാഫി മെഷീൻ, ആർത്രോസ്കോപ്പും അനുബന്ധ ഉപകരണങ്ങളും, ഇ.എൻ.ടി. എച്ച്.ഡി സെറ്റ്, കംപ്യൂട്ടർ റേഡിയോഗ്രാഫി എന്നീ ആധുനിക ഉപകരണങ്ങളും ട്രോമ കെയർ

| | | | |
|---|---|---|---|
| | | | സംവിധാനങ്ങളും ഏർപ്പെടുത്തിവരുന്നു. കൂടാതെ മെഡിക്കൽ കോളേജുകളുടെ സമഗ്രവികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മെഡിക്കൽ കോളേജുകളിലെ കാഷ്വാലിറ്റികളിലെങ്കിലും രോഗികളുടെ രക്തപരിശോധന, എക്സ്.റേ, സ്കാനിങ് എന്നിവയ്ക്കായി കൂട്ടിരിപ്പുകാരെ അയയ്ക്കുന്നതിനു പകരം ആശുപത്രി ജീവനക്കാർ തന്നെ പരിപാലിക്കുന്ന സമ്പ്രദായം ആരംഭിക്കുമോ; | (ബി), (സി) & (ഡി) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെത്തുന്ന രോഗികൾക്ക് അടിയന്തിരമായ എല്ലാ ചികിത്സാ സൗകര്യങ്ങളും അത്യാഹിത വിഭാഗങ്ങളിൽ ഇപ്പോൾ നിലവിലുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളെ രോഗീസൗഹൃദമാക്കാനും ആവശ്യമായ കൂടുതൽ സൗകര്യമേർപ്പെടുത്താനുമുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ ആശുപത്രികളിൽ എമർജൻസി മെഡിസിൻ വിഭാഗവും ട്രോമാകെയർ സംവിധാനങ്ങളും പൂർണസജ്ജമാകുമ്പോൾ രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭിക്കുന്നതാണ്. |
| (സി) | നേഴ്സിംഗ്, മറ്റ് പാരാമെഡിക്കൽ വിദ്യാർത്ഥികൾ എന്നിവർക്ക് പാർട്ട്-ടൈം ആയി ജോലി ലഭിക്കത്തക്ക വിധത്തിൽ മെഡിക്കൽ കോളേജുകളിലെ കാഷ്വാലിറ്റികൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഡി) | സ്വകാര്യ ആശുപത്രികളിലെ പോലെ രോഗി സൗഹൃദ കാഷ്വാലിറ്റികൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ